**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 27** **08-08-2023 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്രപേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | 2023 ജൂൺ വരെ **54,419 (അൻപത്തിനാലായിരത്തി നാന്നൂറ്റി പത്തൊൻപത്) പേർക്ക്** നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ഒഴിവുകൾ കൃത്യമായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ഒഴിവുകൾ കൃത്യമായി ഓൺലൈനായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പി.എസ്.സി പരിശീലനവും നൽകിയിട്ടുണ്ട്. |
| (സി) | പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ വേഗതയിൽ ആക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പടെ എല്ലാ ഒഴിവുകളും മുൻകൂട്ടി / യഥാസമയം റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകി വരുന്നു.<br><br>പി.എസ്.സി യുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി തെരഞ്ഞെടുപ്പ് നടപടികൾക്ക് ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ നടപടികളും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. പി.എസ്.സി. ആസ്ഥാന ഓഫീസിലും വിവിധ ജില്ലകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നിയമന ശിപാർശ കൂടി കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 വർഷം വരെ വിജ്ഞാപനം ചെയ്ത എല്ലാ തസ്തികകളുടേയും പരീക്ഷകൾ 2023 ൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. Uniformed Forces ലെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിലേക്ക് വാർഷിക തെരഞ്ഞെടുപ്പ് നടപ്പിലാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ